**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 348** **27-06-2022 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അതിദരിദ്രരെ കണ്ടെത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന സർവ്വേ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കുമോ; | (എ) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടപടികൾ പൂർത്തീകരിച്ചു. മൈക്രോപ്ലാൻ മാർഗ്ഗരേഖ തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പരിശീലനത്തിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിൽ തദ്ദേശ സ്ഥാപനങ്ങളുടെ തനത്, വികസന ഫണ്ടുകൾ എത്രയെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | അതിദരിദ്രരെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് പരിശീലക പരിശീലനം, നോഡൽ ഓഫീസർമാർക്കുള്ള പരിശീലനം, അസി. നോഡൽ ഓഫീസർമാർക്കുള്ള പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപന തലവൻമാർക്കുള്ള പരിശീലനം, ബ്ലോക്ക് തല ഓഫീസർമാർക്കുള്ള പരിശീലനം, ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കുള്ള പരിശീലക പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്കുള്ള പരിശീലനം, ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം, ജനകീയ സമിതി, വാർഡ് സമിതി അംഗങ്ങൾക്കും എന്യൂമറേറ്റർമാർക്കുള്ള പരിശീലനം എന്നിങ്ങനെ വിവിധ തലങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. ദാരിദ്ര്യ ലഘൂകരണ വിഭാഗം ജില്ലാ പ്രൊജക്ട് ഡയറക്ടർമാർ മുഖാന്തിരമാണ് പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. മേൽ പരിശീലന പരിപാടികൾക്കായി ആകെ 254.15 ലക്ഷം രൂപയാണ് നാളിതുവരെ കിലയ്ക്ക് ചിലവ് വന്നിട്ടുള്ളത് |
| (സി) | സർവ്വേയിൽ കണ്ടെത്തിയ അതിദരിദ്രരുടെ ഉന്നമനത്തിന് ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (സി) | കണ്ടെത്തിയിട്ടുള്ള അതിദരിദ്രരുടെ ഉന്നമനത്തിനായി വാസസ്ഥലം, ആരോഗ്യം, ഭക്ഷണം, വരുമാനം എന്നിവ ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിയുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. അംഗീകരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശ സ്ഥാപന തലത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശ സ്ഥാപനങ്ങൾ ഇതിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (ഡി) | തദ്ദേശ സ്ഥാപനതലത്തിൽ ഓരോ കുടുംബങ്ങൾക്കുമായി തയ്യാറാക്കുന്ന മൈക്രോ പ്ലാനുകൾ പ്രകാരമായിരിക്കും പദ്ധതി നടത്തിപ്പിനാവശ്യമായ തുക വകയിരുത്തുക. അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | സർക്കാരിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വലിയ തോതിൽ ചെലവഴിച്ചത് മൂലം പ്രതിസന്ധിയിലായ തദ്ദേശ സ്ഥാപനങ്ങൾക്ക് അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക സഹായം അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | തദ്ദേശ സ്ഥാപനതലത്തിൽ ഓരോ കുടുംബങ്ങൾക്കുമായി തയ്യാറാക്കുന്ന മൈക്രോ പ്ലാനുകൾ പ്രകാരമായിരിക്കും പദ്ധതി നടത്തിപ്പിനാവശ്യമായ തുക വകയിരുത്തുക. അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ